## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5882    28.03.2018 - ൽ മറുപടിയ്ക്ക്**

**സർക്കാർ ദന്തൽ കോളേജുകൾ**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.റ്റി.വി.രാജേഷ് : | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ സർക്കാർ ദന്തൽ കോളേജുകളിൽ ദന്തൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ ഏറ്റവും പുതിയ മാനദണ്ഡം അനുസരിച്ചുള്ള അസിസ്റ്റന്റ് പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ തസ്തികകൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ; | (എ) 2018 ലെ ഡന്റൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ പുതിയ മാനദണ്ഡപ്രകാരം തസ്തിക നിർണ്ണയം പൂർത്തിയായിട്ടില്ല എങ്കിലും ചില കേഡർ അസോസിയേറ്റ് തസ്തികകളിൽ കുറവുള്ളതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. |
| (ബി) സർക്കാർ ദന്തൽ കോളേജുകളിൽ ചികിത്സ തേടുന്ന രോഗികളുടെഎണ്ണവും നിലവിലുള്ള ഡോക്ടർമാരുടെ എണ്ണവും തമ്മിലുള്ള അനുപാതം പരിശോധിച്ച് കൂടുതൽ തസ്തിക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) ഇപ്പോൾ പരിഗണനയിലില്ല |
| (സി) കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ തലത്തിൽ ദന്തൽ ഡോക്ടർ തസ്തിക അനുവദിക്കുന്ന തിന് നടപടി സ്വീകരിക്കുമോ? | (സി) സംസ്ഥാനത്ത് 40 സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ ദന്തൽ അസിസ്റ്റന്റ് സർജൻ തസ്തികകൾ നിലവിലുണ്ട്. കൂടാതെ 55 സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ നാഷണൽ ഹെൽത്ത് മിഷൻ മുഖേന ദന്തൽ സർജന്റെ സേവനം ലഭ്യമാണ്. 26 സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ കൂടി നാഷണൽ ഹെൽത്ത് മിഷൻ മുഖേന ദന്തൽ വിഭാഗം ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നതിനുള്ള ശിപാർശ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ